പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1737 01.11.2019 ലെ മറുപടിയ്ക്ക്**

**<u>എ.ഐ.സി.റ്റി.ഇ. അദ്ധ്യാപകരുടെ ശമ്പള പരിഷ്കരണം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | | ഡോ.കെ.ടി.ജലീൽ (ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് എ.ഐ.സി.റ്റി.ഇ. യുടെ കീഴിലുള്ള അദ്ധ്യാപകരുടെ ശമ്പള പരിഷ്കരണത്തിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്ക്നിക് കോളേജുകളിലെയും അദ്ധ്യാപകർക്ക് വേണ്ടി 01.03.2019 ലെ നോട്ടിഫിക്കേഷൻ പ്രകാരം 'AICTE Regulation on Pay scales, Service conditions and Minimum qualification - (Degree/Diploma) Regulation 2019' എ.ഐ.സി.ടി.ഇ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ എ.ഐ.സി.ടി.ഇ യുടെ കീഴിലുള്ള അദ്ധ്യാപകരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) | ഇല്ലായെങ്കിൽ കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | എ.ഐ.സി.ടി.ഇ യുടെ കീഴിലുള്ള അദ്ധ്യാപകരുടെ ശമ്പളം പരിഷ്കരിച്ചുകൊണ്ടുള്ള 01.03.2019 ലെ നോട്ടിഫിക്കേഷൻ പ്രകാരം എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരുടെ 01.01.2016 മുതൽ 31.03.2019 വരെയുള്ള ശമ്പള കുടിശ്ശികയുടെ അൻപത് ശതമാനം തുക കേന്ദ്ര സർക്കാർ നൽകുന്നതാണ്. പോളിടെക്ക്നിക് അദ്ധ്യാപകരുടെ ശമ്പള കുടിശ്ശിക പൂർണ്ണമായും നൽകുന്നത് സംസ്ഥാന സർക്കാരാണ്. എ.ഐ.സി.ടി.ഇ യുടെ കീഴിലുള്ള എല്ലാ അദ്ധ്യാപകരുടെയും (സർവ്വീസിലുള്ളവരുടെയും 2016 നും 2019 നും ഇടയ്ക്ക് വിരമിച്ചവരുടെയും) ശമ്പള കുടിശ്ശിക കണക്കാക്കുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്. |
| (സി) | അടിയന്തിരമായി എ.ഐ.സി.റ്റി.ഇ ശമ്പള പരിഷ്കരണം സംസ്ഥാനത്ത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ